കെ. വി. മോഹൻകുമാർ ഐ. എ. എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ &
പരീക്ഷാ കമ്മീഷണർ

ജഗതി, തിരുവനന്തപുരം
കേരളം, പിൻ-695 014

ഫോൺ
ഓഫീസ് : 0471-2325106
0471-2324601
എക്സ്റ്റൻഷൻ : 0471-2580522
ഫാക്സ് : 0471-2324605

ഇ-മെയിൽ : dpisecretsection@gmail.com

പിബി1/76279/2017/ഡി.പി.ഐ.

തീയതി: 12/12/2017.

**സർക്കുലർ**

വിഷയം:- പൊതു വിദ്യാഭ്യാസം - പെൻഷൻ - പെൻഷനു മായി ബന്ധപ്പെട്ട കോടതി ഉത്തരവുകൾ - പെൻഷൻ സാങ്ഷനിംഗ് അധികാരികൾ സമയ ബന്ധിതമായി നടപ്പിലാക്കേണ്ടതു - സംബന്ധിച്ച്:-

പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന കോടതി ഉത്തരവുകളിൽ വകുപ്പു മേധാവി എന്ന നിലയിൽ ഉത്തരവ് നടപ്പിലാക്കുവാൻ ബഹുമാനപ്പെട്ട കോടതികൾ പൊതു വിദ്യാഭ്യാസ ഡയറക്ടറെയാണ് ചുമതലപ്പെടുത്താറുള്ളത്. വിദ്യാഭ്യാസ വകുപ്പിലെ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പെൻഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ അതാതു പെൻഷൻ സാങ്ഷനിംഗ് അധികാരിമാരാണ് കൈകാര്യം ചെയ്യേണ്ടത്. എന്നാൽ ഉത്തരവ് നടപ്പിലാക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടു ത്തിയതിന്റെ അടിസ്ഥാനത്തിൽ നടപടി കൈക്കൊള്ളേണ്ട പെൻഷൻ സാങ്ഷനിംഗ് അധികാരികൾ കോടതി ഉത്തരവിന്മേൽ യാതൊരു നടപടിയും കൈക്കൊള്ളാ തിരിക്കുകയും ആയത് കോടതി അലക്ഷ്യ നടപടികളിലേയ്ക്ക് കൊണ്ടെത്തിക്കുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ പെൻഷൻ സാങ്ഷനിംഗ് അധികാരി അല്ലാത്ത കേസുകളിൽ കോടതി പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയാലും മേൽ ഉത്തരവ് നടപ്പിലാക്കാൻ അതുമായി ബന്ധപ്പെട്ട പെൻഷൻ സാങ്ഷനിംഗ് അധികാരികൾ ബാദ്ധ്യസ്ഥരാണ്. ആയതിനാൽ മേൽ വിഷയത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശത്തിനായി കാത്തു നിൽക്കാതെതന്നെ കോടതി ഉത്തരവിന്മേൽ അപ്പീലിന് സാധ്യതയുണ്ടോ എന്നു പരിശോധിച്ച് സമയ ബന്ധിതമായി കോടതി ഉത്തരവ് നടപ്പിലാക്കുവാൻ എല്ലാ പെൻഷൻ സങ്ഷനിംഗ് അധികാരികൾക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു. ഓരോ പെൻഷൻ സാങ്ഷനിംഗ് അധികാരികളുടെയും പരിഗണനയിൽ തീർപ്പാകാതെ കിടക്കുന്ന കോടതി ഉത്തരവ് ബാധകമായ ഫയലുകൾ എത്രയെന്ന് തിട്ടപ്പെടുത്തി അതിന്മേലുള്ള നടപടി വിവരം 20.01.2018 നു മുൻപ് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതാണ്.

(ഒപ്പ്)
പൊതു വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:- എല്ലാ - വിദ്യാഭ്യാസ ഉപ ഡയറക്ടർ, ജില്ല വിദ്യാഭ്യാസ ഓഫീസർ
ഉപജില്ല വിദ്യാഭ്യാസ ഓഫീസർ - മാർക്കും.

ജി.എസ്.